(സി) ഉണ്ട്.

(ഡി) 5,800 മെഡിക്കൽ ഉദ്യോഗസ്ഥർ, 2,000 നഴ്സുമാർ 1,000 ആക്സിലറി നഴ്സ് മിഡ് വൈഫുമാർ. മറ്റ് വിഭാഗം ജീവനക്കാരുടെ കണക്കുകൾ ഇപ്പോൾ കൈവശമില്ല.

ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ ഗ്രഡേഷൻ ലിസ്റ്റ്

1339 [2157] ശ്രീ. കെ. പി. നൂറുദ്ദീൻ:

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ;

ശ്രീ. കെ. പി. വിശ്വനാഥൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് സർവീസസ് ഡിപ്പാർട്ടുമെന്റിൽനിന്നും അടുത്ത കാലത്തു പരസ്യപ്പെടുത്തിയ ഗ്രഡേഷൻ ലിസ്റ്റിൽ മലേറിയാ വിഭാഗത്തിൽ പെട്ട ഫീൽഡ് അസിസ്റ്റന്റുമാരെ ഉൾപ്പെടുത്തിയിട്ടില്ലെന്നു ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എത്രയും വേഗം തീരുമാനമെടുക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള അലോട്ടഡ് ഫീൽഡ് സ്റ്റാഫ് അസോസിയേഷനിൽ നിന്നും ഇത്തരം ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) 1-4-1964-ലെ സ്റ്റാഫിന്റെ നിലവെച്ചുകൊണ്ടാണ് ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുതലിസ്റ്റിൽ സീനിയോറിറ്റി അനുസരിച്ച് ഫീൽഡ് അസിസ്റ്റന്റുമാരുടെ ലിസ്റ്റ് ചേർത്തിട്ടുണ്ട്. 1967-ൽ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർമാരായി പ്രമോഷൻ ലഭിച്ചവരെപ്പറ്റിയുള്ള വിവരങ്ങൾ 1-4-1964-ന് ശേഷം തയ്യാറാക്കുന്ന രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതാണ്.

കേരളാ സ്റ്റേറ്റ് എം. സി. എച്ച്. ഹെൽത്ത് വിസിറ്റേഴ്സ്

1340 [2159] ശ്രീ. പി. പി. എസ് തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് എം. സി. എച്ച്. ഹെൽത്ത് വിസിറ്റേഴ്സിന് ഒരു ഹ്രസ്വകാല ട്രെയിനിംഗ് നൽകി അവരെ പബ്ലിക് ഹെൽത്ത് നഴ്സുമാരായി നിയമിക്കുന്നതിന് ഗവൺമെന്റ് ഉത്തരവുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർ എത്രപേർ ആണെന്നും അവർക്ക് ട്രെയിനിംഗ് നൽകുന്നുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) അവരിൽ 45 വയസ്സിനു മുകളിലുള്ളവർക്ക് ട്രെയിനിംഗ് കാലാവധിയിൽ ഇളവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കാലത്തേയ്ക്ക്;

LIBRARY ARCHIVES Kerala Legislative Assembly